തൃശ്ശൂർ	1.5 ലക്ഷം രൂപ
എറണാകുളം	2.0 ലക്ഷം രൂപ
ഇടുക്കി	1.5 ലക്ഷം രൂപ
കോട്ടയം	1.5 ലക്ഷം രൂപ
ആലപ്പുഴ	1.5 ലക്ഷം രൂപ
പത്തനംതിട്ട	1.5 ലക്ഷം രൂപ
കൊല്ലം	1.5 ലക്ഷം രൂപ
തിരുവനന്തപുരം	1.2 ലക്ഷം രൂപ

(എഫ്) സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിൽ വിവിധ പരിപാടികൾക്കായാണ് ചെലവഴിച്ചത്.

5 (2190) സംസ്ഥാനം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ ശ്രദ്ധ യിൽപ്പെട്ടിട്ടുള്ളത് ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാസ്റ്റിക് പരിസ്ഥിതിക്ക് ഉയർത്തുന്ന അപകടം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(സി) നിയമസഭാ പരിസ്ഥിതി കമ്മിറ്റി ഇതു സംബന്ധിച്ച് നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് എന്ത് നടപടി ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ണൊലിപ്പ്, മണൽവാരൽ, ശുദ്ധജല മേഖലയിലെ ഉപ്പുവെള്ള ത്തിന്റെ തള്ളിക്കയറ്റം, താഴ്ന്ന പ്രദേശങ്ങൾ നികത്തിയെടുക്കൽ, ഉപരിതല ജല സമുച്ചയങ്ങൾ നികത്തൽ, വനനശീകരണം, വായു, ജല മലിനീകരണം തുടങ്ങിയവയാണ് സംസ്ഥാനത്തെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ. കൂടാതെ ഉരുൾ പൊട്ടൽ, ചെറുഭൂമികുലുക്കം, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളും പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിവയ്ക്കുന്നു.

(ബി)&(സി) ഉണ്ട്.

(ഡി)

1) പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം നിയന്ത്രിക്കുന്നതിന് നിയമപരമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2) ഒന്നാംഘട്ടമെന്നനിലയിൽ പ്ലാസ്റ്റിക് കവറുകൾ, പായ്ക്കിംഗ് മെറ്റീരി യൽസ്, പരിസ്ഥിതിക്ക് ഏറെ ദോഷം ചെയ്യുന്ന ടംബ്ലറുകൾ, സ്ട്രാകൾ, പെറ്റ് ബോട്ടിലുകൾ, കവറിംഗ് മെറ്റീരിയൽസ് മുതലായവയുടെ ഉൽപ്പാദനവും ഉപ

LIBRARY ARCHIVES Kerala Legislative Assembly

ഭോഗവും നിരോധിക്കുകയും നിരോധനം ലംഘിക്കുന്നവരെ ശിക്ഷാ നടപടികൾക്ക് വിധേയരാക്കുകയും വേണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3) പ്ലാസ്റ്റിക് മലിനീകരണ പ്രശ്നങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വ്യാപകമായ പ്രചാരണങ്ങൾ, പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നീ മാധ്യമങ്ങളിലൂടെയും എൻ.ജി.ഒ. മാർ, പ്രകൃതി സംരക്ഷണ സമിതികൾ, സന്നദ്ധ സംഘടനകൾ എന്നിവവഴി പ്രചാരണം സംഘടിപ്പിക്കുകയും, സ്ക്കൂൾ - കോളേജ് തലത്തിൽ എൻവയോൺമെന്റൽ ഫ്രണ്ട്ലി സൊസൈറ്റികൾ രൂപീകരിച്ച് പ്രചാരണം നടത്തേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4) പ്ലാസ്റ്റിക്ക് പാഴ് വസ്തുക്കൾ തുറസ്സായ സ്ഥലങ്ങളിലും തോടുകൾ, നദികൾ, കായലുകൾ, കടൽ, മുതലായവയിലേക്കും വലിച്ചെറിയുന്നത് ശിക്ഷാർഹമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5) പ്ലാസ്റ്റിക്കിനു പകരമായി പ്രകൃതിദത്തമായ ജൈവിക ജീർണ്ണവസ്തുക്കളായ പേപ്പർ ബാഗുകൾ, റബ്ബർ ബാഗുകൾ, തുണി ബാഗുകൾ മുതലായവ ഉപയോഗിച്ചുകൊണ്ട് പായ്ക്കിംഗ് മെറ്റീരിയൽസ് ഉണ്ടാക്കുകയും ആയതിലേയ്ക്ക് ആവശ്യമായ സബ്സിഡി അടക്കമുള്ള സാമ്പത്തിക സഹായം നൽകി പ്രോത്സാഹനം ഖാദി, ചെറുകിട വ്യവസായങ്ങൾക്ക് നൽകേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6) പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾക്ക് പകരം ചണം, കയർ, വാഴനാര്, കവുങ്ങിൻ പാള, പരുത്തിനൂൽ, പനയോല, പനനാര് എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ആകർഷകമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും, ചിരട്ട ഉപയോഗിച്ചുകൊണ്ട് ഐസ്ക്രീം കപ്പുകൾ മുതലായവ നിർമ്മിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7) ജൈവിക ജീർണ്ണനം (ബയോഡിഗ്രേഡബിൾ) സംഭവിക്കുന്ന പ്ലാസ്റ്റിക് ഒഴികെ ബാക്കി എല്ലാ പ്ലാസ്റ്റിക്കിന്റേയും ഉൽപാദനവും ഉപയോഗവും ഘട്ടംഘട്ടമായി നിരോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8) പ്ലാസ്റ്റിക് ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറിക്കും പുതുതായി ലൈസൻസ് കൊടുക്കാതിരിക്കാനും നിലവിലുള്ളവയെ ഡൈവേഴ്സിഫൈ ചെയ്യാനും അതിനുവേണ്ടി സാമ്പത്തിക സഹായവും സബ്സിഡിയും നൽകാനുള്ള നടപടിയും സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

9) പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ ബോർഡുകൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കണമെന്നും അവിടങ്ങളിൽ പ്ലാസ്റ്റിക് ബാഗുകൾ ഉപയോഗിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഇ) റിപ്പോർട്ടിലെ ശുപാർശകൾ/നിർദ്ദേശങ്ങൾ പ്രധാനമായും മൂന്നു വിഭാഗത്തിലുള്ളതാണ്.

1) പ്ലാസ്റ്റിക് നിരോധിക്കുന്നതിനുള്ള നിയമനിർമ്മാണം

2) പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട മലിനീകരണങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

3) നിലവിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കാനാകുന്ന ചില വകുപ്പുകൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ.

ഇതിൽ പ്ലാസ്റ്റിക് നിരോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന കരട് വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം താമസിയാതെ ഉണ്ടാവും. ഇത് ലഭിക്കുന്നമുറയ്ക്കേ പ്ലാസ്റ്റിക് നിരോധിക്കുന്ന കാര്യങ്ങൾ ആലോചിക്കാനാവുകയുള്ളൂ.

പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന മലിനീകരണങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ആദ്യ പടിയായി അടുത്തുതന്നെ വിദഗ്ദ്ധരുടെ ഒരു കൺസട്ടേറ്റീവ് മീറ്റിംഗ് സംഘടിപ്പിക്കുന്നതാണ്. അതിൽ ബോധവൽക്കരണവുമായി ബന്ധപ്പെട്ട വിശദപരിപാടികൾക്ക് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നു.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടികളെടുക്കുന്നതിന് വ്യവസായം, ഗ്രാമവികസനം, റവന്യൂ, തദ്ദേശസ്വയംഭരണം, ടൂറിസം വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. എന്നാൽ പ്ലാസ്റ്റിക് നിയന്ത്രണവുമായി ബന്ധപ്പെട്ട കേന്ദ്രവിജ്ഞാപനം വന്നെങ്കിൽ മാത്രമേ ഇതിന് ഫലപ്രദമായ പുരോഗതി ഉണ്ടാവുകയുള്ളൂ.

6 (2191) ട്രാഫിക് പരിഷ്ക്കരണം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. എളമരം കരീം :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രാഫിക് സംവിധാനം പരിഷ്ക്കരിക്കുന്നതിന് സർക്കാർ അടുത്തകാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ തലസ്ഥാനം ഉൾപ്പെടെ തിരക്കുള്ള പട്ടണങ്ങളിൽ കൂടുതൽ ട്രാഫിക് പോലീസിനെ വിന്യസിക്കുന്നത് സംബന്ധിച്ചും, ഗതാഗതം നിയന്ത്രിക്കുന്നത് സംബന്ധിച്ചും ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മുനിസിപ്പൽ പ്രദേശങ്ങളിൽ ഉൾപ്പെടെയും എല്ലാ പട്ടണങ്ങളിലും തിരക്കുള്ള മറ്റ് സ്ഥലങ്ങളിലും സ്ഥിരം ട്രാഫിക് നിയന്ത്രണങ്ങളും ഗതാഗതം നിയന്ത്രിക്കലും ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ഏർപ്പെടുത്തി വരുന്ന ട്രാഫിക് പരിഷ്ക്കാരങ്ങളുടെ ഫലമായി സംസ്ഥാനത്ത് ഇപ്പോൾ റോഡപകടങ്ങൾ കുറഞ്ഞിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ട്രാഫിക് സംവിധാനം പരിഷ്ക്കരിക്കുന്നതിനുവേണ്ടി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചീഫ്

LIBRARY ARCHIVES Kerala Legislative Assembly